പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1043** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>തോട്ടപ്പള്ളി ഹാർബർ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയിലുള്ള ഹാർബറിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായ സാഹചര്യത്തിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടപ്പള്ളി ഹാർബറിലെ പ്രധാന അപര്യാപ്തതകൾ താഴെ പറയുന്നവയാണ്:

i) പ്രവേശന കവാടത്തിൽ മണൽ അടിഞ്ഞുകൂടുന്നതിനാൽ വലിയ മത്സ്യബന്ധന ബോട്ടുകൾക്കും

വള്ളങ്ങൾക്കും ഹാർബറിനുള്ളിലേക്ക് സുരക്ഷിതമായി പ്രവേശിക്കാനും പുറത്തുകടക്കാനും ബുദ്ധിമുട്ടാണ്.

ii) ബോട്ടുകൾ നങ്കൂരമിടുന്നതിനുള്ള സ്ഥലം വളരെ പരിമിതമാണ്.

iii) ഓക്ഷൻ ഹാൾ, ലോഡിങ് ഏരിയ, പാർക്കിങ്, റോഡുകൾ, ശുചിമുറി സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതീകരണം, നെറ്റ് മെൻഡിങ് ഷെഡ്, വർക്ക്ഷോപ്പ്, ലോക്കർ/റെസ്റ്റ് സൗകര്യങ്ങൾ എന്നിവ മതിയായ നിലവാരത്തിലോ ശേഷിയിലോ അല്ല.

iv)ശുചിത്വ-മത്സ്യസംസ്കരണ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ ആവശ്യമാണ്.

v) അധിക/മെച്ചപ്പെട്ട ബ്രേക്ക് വാട്ടർ, ബെർത്തിങ് സൗകര്യങ്ങൾ ആവശ്യമാണ്.

**(ബി)** തോട്ടപ്പള്ളി ഹാർബറിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ പഠനം നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തോട്ടപ്പള്ളി ഹാർബറിന്റെ സമഗ്ര വികസനത്തിനായി CWPRS മുഖേന ഹാർബറിലുണ്ടാകുന്ന സിൽറ്റേഷൻ കുറയ്ക്കുന്നതിനും ഒരു പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുമായുള്ള ഗവേഷണ പഠനം നടത്തിവരുന്നുണ്ട്. പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാർബർ വികസനത്തിനായി പുതിയ പുലിമുട്ട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതാണ്.

**(സി)** കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനങ്ങളും തിരച്ചിൽ പ്രവർത്തനങ്ങളും തോട്ടപ്പള്ളി ഹാർബർ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ടതാക്കാൻ എന്തെല്ലാം

സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് വിശദമായ പഠനം നടത്തി ആയത് നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ആലപ്പുഴ ജില്ലയിൽ കടൽ രക്ഷാപ്രവർത്തനത്തിനും കെ.എം.എഫ്.ആർ.ആക്റ്റ് നിർവഹണത്തിനുമായി വാടകയ്ക്ക് എടുത്ത ഒരു പെട്രോൾ ബോട്ട്മാത്രമേയുള്ളൂ, അത് അഴീക്കൽ ഫിഷിങ് ഹാർബറിലാണ് ആങ്കർ ചെയ്തിട്ടുള്ളത്. ഹാർബർ കേന്ദ്രീകരിച്ച് സ്ഥിരമായി ഒരു ഹൈസ്പീഡ് റെസ്ക്യൂ ബോട്ട് ലഭിക്കുകയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കൂടുതൽ പോലീസുകാരെ അനുവദിക്കുകയും ചെയ്യുന്നതിലൂടെ രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

**(ഡി)** ഹാർബർ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ കൂടി പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുമോ ?

**<u>മറുപടി:</u>** ഹാർബർ വികസനം നടപ്പാക്കി ഹാർബർ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ കൂടി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**